**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5798** **25-03-2025 - ൽ മറുപടിയ്ക്ക്**

**മോളി ജോർജിന്റെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മോളി ജോർജ്, ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം എന്നയാൾക്ക് പെൻഷൻ വാങ്ങാൻ കഴിയാതെ പോയതും ലൈഫ് സർട്ടിഫിക്കറ്റ് സമയത്തിന് കൊടുക്കാൻ സാധിക്കാത്തതും മൂലം വർഷങ്ങളായി പെൻഷൻ ലഭിക്കാത്ത പ്രശ്നം ചൂണ്ടിക്കാട്ടി നിവേദനം നൽകിയതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ബാങ്ക് മുഖാന്തിരം കുടുംബപെൻഷൻ കൈപ്പറ്റി വരുകയായിരുന്ന ശ്രീമതി. മോളി ജോർജ്ജ്, ബഹു. എം എൽ എ അഡ്വ. മോൻസ് ജോസഫ് മുഖേന സമർപ്പിച്ച നിവേദനം സർക്കാരിൽ ലഭ്യമായിരുന്നു.<br><br>ശ്രീമതി. മോളി ജോർജ്ജ് അവസാനമായി മസ്റ്ററിംഗ് നടത്തിയത് 01/11/2014-ലാണ്. 01/04/2019 വരെ ടിയാൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്. ശ്രീമതി. മോളി ജോർജ്ജ് യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാലാണ് ടിയാളുടെ പെൻഷൻ നിർത്തി വച്ചത്. ടിയാളുടെ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, മസ്റ്ററിംഗ് നടത്താത്തതിന് വ്യക്തമായ കാരണം ബോധ്യപ്പെടുത്തുന്ന ചികിത്സാ രേഖകൾ, ലൈഫ് സർട്ടിഫിക്കറ്റ്, പി പി ഒ യുടെ pensioners portion എന്നിവ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് ടിയാൾക്ക് 13/02/2025-ന് ട്രഷറി ഡയറക്ടറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ പെൻഷൻ ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ശ്രീമതി. മോളി ജോർജ്ജ് നാളിതു വരെ ട്രഷറിയിൽ ഹാജരാക്കിയിട്ടില്ല. |
| (ബി) | മോളി ജോർജ് അവസാനം പെൻഷൻ വാങ്ങിയത് ഏത് ട്രഷറിയിൽ നിന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | എസ് ബി ഐ (Formerly SBT) കവടിയാർ ശാഖയിലെ A/c.No.57047048447 മുഖാന്തിരമാണ് ശ്രീമതി. മോളി ജോർജ്ജ് കുടുംബപെൻഷൻ കൈപ്പറ്റി വന്നിരുന്നത്. തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് സബ്ട്രഷറിയിൽ നിന്നാണ് പെൻഷൻ ബാങ്കിലേയ്ക്ക് മാറ്റിയിട്ടുള്ളത്. |
| (സി) | കിടപ്പുരോഗിയായ മോളി ജോർജിന്റെ പെൻഷൻ ലഭ്യമാക്കുന്നതിന് ട്രഷറി വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (സി) | കെ എസ് ആർ ഭാഗം 3 ചട്ടം 135, 136 പ്രകാരം മസ്റ്ററിംഗ് നടത്തി, പെൻഷൻ പുനസ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ |

| | | | |
|---|---|---|---|
| | | | ഓഫീസിലേയ്ക്ക് പി പി ഒ യുടെ രണ്ട് പകുതി (Pensioners portion & Disbursers portion) അയച്ച് നൽകി പെൻഷൻ റീവാലിഡേറ്റ് ചെയ്ത് വാങ്ങി തുടർപെൻഷൻ നൽകേണ്ടതുണ്ട്. ശ്രീമതി. മോളി ജോർജ്ജിന്റെ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, മസ്റ്ററിംഗ് നടത്താത്തതിന് വ്യക്തമായ കാരണം ബോധ്യപ്പെടുത്തുന്ന ചികിത്സാ രേഖകൾ, ലൈഫ് സർട്ടിഫിക്കറ്റ്, പി പി ഒ യുടെ Pensioners portion എന്നിവ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് ടിയാൾക്ക് 13/02/2025-ന് ട്രഷറി ഡയറക്ടറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ പെൻഷൻ ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ശ്രീമതി. മോളി ജോർജ്ജ് നാളിതു വരെ ട്രഷറിയിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടിയാൾക്ക് കുടുംബപെൻഷനും കുടിശികയും നൽകുന്ന വിഷയം പരിശോധിച്ച് തീർപ്പാക്കുന്നതാണ്. |
| (ഡി) | മോളി ജോർജിന്റെ കുടുംബപെൻഷനും കുടിശികയും എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ എസ് ആർ ഭാഗം 3 ചട്ടം 135, 136 പ്രകാരം മസ്റ്ററിംഗ് നടത്തി, പെൻഷൻ പുനസ്ഥാപിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് പി പി ഒ യുടെ രണ്ട് പകുതി (Pensioners portion & Disbursers portion) അയച്ച് നൽകി പെൻഷൻ റീവാലിഡേറ്റ് ചെയ്ത് വാങ്ങി തുടർപെൻഷൻ നൽകേണ്ടതുണ്ട്. ശ്രീമതി. മോളി ജോർജ്ജിന്റെ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, മസ്റ്ററിംഗ് നടത്താത്തതിന് വ്യക്തമായ കാരണം ബോധ്യപ്പെടുത്തുന്ന ചികിത്സാ രേഖകൾ, ലൈഫ് സർട്ടിഫിക്കറ്റ്, പി പി ഒ യുടെ Pensioners portion എന്നിവ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് ടിയാൾക്ക് 13/02/2025-ന് ട്രഷറി ഡയറക്ടറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ പെൻഷൻ ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ശ്രീമതി. മോളി ജോർജ്ജ് നാളിതു വരെ ട്രഷറിയിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ടിയാൾക്ക് കുടുംബപെൻഷനും കുടിശികയും നൽകുന്ന വിഷയം പരിശോധിച്ച് തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ